പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **427** 29/06/2016-ൽ മറുപടിക്ക്

## പുതുവൈപ്പിൽ KSEB സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) വൈപ്പിനിലെ ഞാറയ്ക്കൽ KSEB ഓഫീസിന്റെ പ്രവർത്തന മേഖല വളരെ വിസ്തൃതമായതിനാൽ പുതുവൈപ്പ് കേന്ദ്രീകരിച്ച് പുതതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. .ഞാറയ്ക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് എടവനക്കാട് കേന്ദ്രീകരിച്ചും വൈപ്പിൻ, വരാപ്പുഴ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മുളവുകാട് കേന്ദ്രീകരിച്ചും പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ